# എയിഡഡ് വിദ്യാഭ്യാസമേഖലയിലെ നിയമനം സംബന്ധിച്ചുള്ള അനിശ്ചിതത്വം പരിഹരിക്കപ്പെടണം

കേരളം പുതിയൊരു അദ്ധ്യയനവർഷത്തിന്റെ പടിവാതിലിൽ എത്തി നില്ക്കുകയാണ്. അപ്പോഴും എയിഡഡ് വിദ്യാഭ്യാസമേഖലയെ ദോഷകരമായി ബാധിക്കുന്ന പല വിഷയങ്ങളിലും അനിശ്ചിതത്വം നിലനില്ക്കുന്നുണ്ട്.

എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ അംഗപരിമിതർക്കുള്ള തൊഴിൽസംവരണം ഏർപ്പെടുത്തുന്ന കാര്യത്തിൽ വ്യക്തത ഇല്ലാത്തതാണ് പ്രധാന കാരണം.

അംഗപരിമിതർക്കുള്ള തൊഴിൽസംവരണം ഏർപ്പെടുത്തിക്കൊണ്ട് 18-11-2018 ൽ ആണ് ഉത്തരവ് പുറപ്പെടുവിച്ചത്. ഇക്കാര്യങ്ങളിൽ വിവിധ കോടതികളിൽ നടന്നുവന്ന വ്യവഹാരങ്ങളുടെ അന്തിമതീർപ്പ് ഉണ്ടായത് 10-8-2022 ലാണ്. ഇതിനോടകം പുറത്തുവന്ന ഗവണ്മെന്റ് ഉത്തരവുകളാകട്ടെ ആശയക്കുഴപ്പങ്ങളുടെ ആഴം കൂട്ടുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്.

ഭിന്നശേഷിസംവരണം 7-2-1996 മുതൽ പൂർവ്വകാലപ്രാബല്യത്തോടെ നടപ്പിലാക്കണമെന്നതാണ് സർക്കാർപക്ഷം. ഇക്കാര്യത്തിലുള്ള പൂർവ്വകാലപ്രാബല്യം ഒഴിവാക്കണമെന്ന് എൻ.എസ്.എസ്. ആവർത്തിച്ച് ആവശ്യപ്പെട്ടിരുന്നു. സുപ്രീം കോടതിവിധിതന്നെ ഇക്കാര്യത്തിൽ ഗവണ്മെന്റുകളെ സമീപിക്കുന്നതിന് നിർദ്ദേശിച്ചിരുന്നതുമാണ്. എന്നാൽ 7-2-1996 മുതൽ 18-4-2017 വരെ 3% ഒഴിവുകളും 19-4-2017 മുതലുള്ള 4% ഒഴിവുകളും റോസ്റ്റർ തയ്യാറാക്കി ഒറ്റയടിക്ക് നികത്താനാണ് ഗവണ്മെന്റ് നിർദ്ദേശിച്ചത്. ഇതിന്റെ പ്രായോഗികബുദ്ധിമുട്ടുകളും നീതിനിഷേധവും പരിഗണിക്കപ്പെട്ടിട്ടില്ല. പുതിയ നിയമം നിലവിൽ വന്ന 19.4.2017 മുതലുള്ള ഒഴിവുകൾ കണക്കാക്കി മാത്രം അംഗപരിമിതർക്കായുള്ള നിയമനസംവരണം നിജപ്പെടുത്തുന്നതാണ് പ്രശ്നപരിഹാരത്തിന് നല്ലതെന്ന അഭിപ്രായം എൻ.എസ്.എസ്. ഗവണ്മെന്റുമുമ്പാകെ സമർപ്പിച്ചിരുന്നതാണ്. ഗവണ്മെന്റ് അതിന്മേൽ യാതൊരു നടപടിയും സ്വീകരിക്കാതെവന്നതിനാൽ ഇതു സംബന്ധിച്ചുള്ള അവ്യക്തത ഇപ്പോഴും തുടരുന്നു.

അതേസമയം, ഭിന്നശേഷിസംവരണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശം ക്രോഡീകൃതമായി ഉത്തരവാകുന്നത് 25-6-2022 ൽ മാത്രമാണെന്നിരിക്കെ അതിനു മുമ്പേ നടത്തിയ നിയമനങ്ങൾപോലും അംഗീകരിച്ചു നല്കാത്ത നീതിനിഷേധം തുടരുകയാണ്. അദ്ധ്യാപകരില്ലാതെ വിദ്യാലയം എങ്ങനെ പ്രവർത്തിപ്പിക്കാനാവും? നിയമനം നേടിയവരെ പുറത്താക്കാനും പകരം 1996 മുതലുള്ള നിയമന കുടിശ്ശിക തീർക്കാനുമുള്ള നിർദ്ദേശം എങ്ങനെ നീതീകരിക്കാനാവും?

2022-2023 വർഷം അവ്യവസ്ഥിതമായ സാഹചര്യത്തിലാണ് കടന്നുപോയത്. ഈ ദുഃസ്ഥിതി 2023-2024 വിദ്യാലയവർഷത്തിന്റെ ആരംഭത്തിലും നിലനില്ക്കുകയാണ്. ഇത് ഒറ്റപ്പെട്ട സംഭവം മാത്രമല്ല. ഇതുപോലെയുള്ള നിരവധി വിഷയങ്ങൾ പരിഹരിക്കപ്പെടാതെ കിടക്കുന്നതേയുള്ളു. ദിവസവേതനാടിസ്ഥനത്തിലെങ്കിലും ഒഴിവുകൾ താൽക്കാലികമായി നികത്തുന്നതു സംബന്ധിച്ച് യാതൊരു വ്യവസ്ഥയും ഇതുവരെ നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

പൊതുവിദ്യാഭ്യാസമേഖലയ്ക്ക് എയിഡഡ് വിദ്യാലയങ്ങൾ നല്കിയിട്ടുള്ള സംഭാവനകൾ മറന്നുകൊണ്ടുള്ള സർക്കാർനിലപാട് തിരുത്തപ്പെടേണ്ടതാണ്. ഈ അദ്ധ്യയനവർഷം മുതല്ക്കെങ്കിലും ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.